


This article by Roy Varghese appeared as a part of the cover story of the December 15, 2008 issue of Dhanam, the leading vernacular Business magazine published form Kerala, India.



**റോയ് വർഗീസ്,**
സീനിയർ പാർട്ണർ, റോയ് വർഗീസ് ആൻഡ് അസോസിയേറ്റ്സ് ചാർട്ടേഡ് എക്കൗണ്ടന്റ്സ്, തിരുവനന്തപുരം

# കേരള ഗവൺമെന്റ് ഇളവുകൾ നൽകണം

പാശ്ചാത്യ രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധി പ്രതീക്ഷിച്ചിരുന്നതിനേക്കാളും വലുതാണെന്ന് അനുദിനം വെളിവാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അമേരിക്ക, യൂറോപ്യൻ രാജ്യങ്ങൾ തുടങ്ങിയവയിലേക്ക് ഗണ്യമായ തോതിൽ കയറ്റുമതി ബിസിനസിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന വികസ്വര രാജ്യങ്ങളെ ഇത് അതിന്റേതായ രീതിയിൽ ബാധിക്കും. നമ്മുടെ നിർമാണ, സേവന മേഖലകളും മാന്ദ്യത്തിലാകുന്നതോടെ വരും നാളുകളിൽ കൂടുതൽ പ്രതിസന്ധി ഇന്ത്യയ്ക്കും നേരിടേണ്ടി വരും. ആഭ്യന്തര വിപണിയിൽ കൂടുതൽ ശ്രദ്ധ നൽകുന്നതിനാൽ ഇന്ത്യയ്ക്ക് കയറ്റുമതിയെ വൻതോതിൽ ആശ്രയിക്കുന്ന ചൈന നേരിടുന്ന അത്രയും പ്രതിസന്ധി ഉണ്ടാകില്ല എന്നുപറയാം.

സമ്പദ്‌വ്യവസ്ഥയിൽ കുറഞ്ഞ നിരക്കിൽ കൂടുതൽ പണലഭ്യത ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിച്ച കേന്ദ്ര ഗവൺമെന്റ് ശരിയായ ദിശയിലാണ് നീങ്ങുന്നത്. വികസന പ്രവർത്തനങ്ങൾക്കും തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനും കാർഷികോൽപ്പാദന വർധനയ്ക്കും കൂടുതൽ ഊന്നൽ നൽകണം. ഇതിനാവശ്യമായ ആനുകൂല്യങ്ങൾ നൽകണം. വിദേശ നാണ്യ വപണിയിൽ സമീപകാലത്ത് ഉണ്ടാകാവുന്ന ഏറ്റക്കുറച്ചിലുകൾ കണക്കിലെടുത്ത് കയറ്റുമതി, സേവന മേഖലകൾക്ക് അനുയോജ്യമായ പാക്കേജ് നൽകണം.

ആഭ്യന്തര ഉപഭോഗത്താൽ ഗണ്യമായി നയിക്കപ്പെടുന്ന ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ പണ ലഭ്യത അഭിവൃദ്ധിപ്പെടുമ്പോൾ നിർമാണ വ്യവസായം വേഗം കരകയറും.

- വികസന പ്രവർത്തനങ്ങളിലൂടെ തൊഴിൽ ലഭ്യത ഉറപ്പാക്കണം
- കാർഷികോൽപ്പാദനത്തിന് ഊന്നൽ നൽകുക
- ഗവൺമെന്റ് നയപരമായ പിന്തുണ നൽകണം
- പദ്ധതികൾ ശ്രദ്ധാപൂർവം പുനർ വിലയിരുത്തണം

## സേവന മേഖലയിൽ കടുത്ത ആഘാതം

റിയൽ എസ്റ്റേറ്റ്, ടൂറിസം, പരമ്പരാഗത കയറ്റുമതി വ്യവസായം, ഐ.റ്റി, ഐ.റ്റി അനുബന്ധ വ്യവസായങ്ങൾ ഉൾപ്പെടുന്ന സേവനമേഖല തുടങ്ങിയവയിലാണ് കേരളത്തിൽ പ്രതിസന്ധിയുടെ പ്രത്യാഘാതം കൂടുതലുണ്ടായത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന ചെലവ് കുറയ്ക്കാൻ സഹായിക്കുന്ന തരത്തിലുള്ള നയപരമായ നടപടികൾ കേരള ഗവൺമെന്റ് കൈക്കൊള്ളണം. ചില ബിസിനസ് സ്ഥാപനങ്ങൾ ജീവനക്കാരുടെ എണ്ണം കുറച്ച് പ്രതിസന്ധിയെ അതിജീവിക്കാൻ ശ്രമിക്കും. അത്തരം സംഭവ വികാസങ്ങളോട് ഗവൺമെന്റ് പോസിറ്റീവായ നയസമീപനം കൈക്കൊള്ളണം. മാന്ദ്യം രൂക്ഷമായി ബാധിച്ച ബിസിനസ് സ്ഥാപനങ്ങൾക്ക് പ്രവർത്തനചെലവ് കുറയ്ക്കാൻ ഉതകുന്ന തരത്തിൽ വാറ്റ്, ആഡംബര നികുതി, സർക്കാർവക ഭൂമിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുള്ള വാടക എന്നിവയിൽ സംസ്ഥാന ഗവൺമെന്റ് ഉടൻതന്നെ ഇളവ് നൽകണം.

## 'കാഷ് ഫ്ളോ' ഉറപ്പാക്കുക

മാന്ദ്യകാലത്ത് പ്രവർത്തന മൂലധനം വളരെ കരുതലോടെയേ വിനിയോഗിക്കാവൂ. ചെലവ് ചുരുക്കാനായി നൂതനമായ തന്ത്രങ്ങൾ ആവിഷ്കരിക്കണം. പുതിയ വിപണികൾ കണ്ടെത്താനും കൂടുതൽ ശ്രദ്ധ നൽകണം. ഇക്കാലത്ത് ഏറ്റവും കൂടുതൽ ആവശ്യം പണത്തിനാണ്. എന്നാൽ വായ്പ കിട്ടാൻ വളരെ ബുദ്ധിമുട്ടായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ നിലനിൽപ്പിന്റെ അടിസ്ഥാനം തന്നെ കാഷ് ഫ്ളോ ആയിരിക്കും. പണത്തിന്റെ ലഭ്യതയും വിപണിയിലെ സ്ഥിതികളും വിലയിരുത്തി എല്ലാ പദ്ധതികളും ശ്രദ്ധാപൂർവം പുനർവിലയിരുത്തണം.